**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ജലനിധി പദ്ധതി - കുറിച്ചി ഗ്രാമപഞ്ചായത്ത് - ശ്രീ. സി.എഫ്. തോമസ് എം.എൽ.എ യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചത് - ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.578/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 02.03.2017

---

പരാമർശം:- 1. ജലവിഭവ വകുപ്പിന്റെ 12.02.2015 ലെ സ.ഉ.(സാധാ) നം.124/15/ജ.വി.വ നമ്പർ ഉത്തരവ്

2. ജലവിഭവ വകുപ്പിന്റെ 08.02.2017 ലെ സ.ഉ.(സാധാ) നം.99/17/ജ.വി.വ നമ്പർ ഉത്തരവ്

**ഉത്തരവ്**

കുറിച്ചി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ പഞ്ചായത്ത് വിഹിതത്തിൽ വന്ന കുറവ് നികത്തുന്നതിനായി ശ്രീ. സി.എഫ്. തോമസ് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം അനുവദിച്ച തുക പിൻവലിക്കുന്നതിനായി ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാൽ പരാമർശം 2 പ്രകാരം പരാമർശം 1 ലെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ വിഹിതമായി, ശ്രീ. സി.എഫ്. തോമസ്എം.എൽ. എ യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം), വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും 11.06.2012 ലെ സ.ഉ.(അച്ചടി) നം.332/2012/ധന സർക്കാർ ഉത്തരവും പാലിച്ചു കൊണ്ട് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി - എ.ഡി.എസ്(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ടി തുക പിൻവലിച്ച് കുറിച്ചി ഗ്രാമപഞ്ചായത്തിന് നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി.സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രസിഡന്റ് / സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (21.12.2016 ലെ E 109049/NC-B3/2015/Fin പ്രകാരം)
ജലവിഭവ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ/എൽ.ബി.എ.&എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

8